പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1022

20/03/2012-ൽ
മറുപടിയ്ക്ക്

**സയൻസ് ഡിഗ്രി കോഴ്സ് നടത്തുന്ന സർക്കാർ കോളേജുകളിലെ ലാബ് അസിസ്റ്റന്റ് തസ്തിക**

**ചോദ്യം** | **മറുപടി**

ശ്രീ.വി.ശശി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്ത സയൻസ് ഡിഗ്രി കോഴ്സ് നടത്തുന്ന എത്ര സർക്കാർ കോളേജുകളിൽ ലാബ് അസിസ്റ്റന്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടില്ലായെന്ന് വ്യക്തമാക്കാമോ ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ കോളേജുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ ജോലികൾ നിർവ്വഹിക്കുന്നത് അറ്റൻഡർമാരാണ്. എന്നാൽ കാര്യവട്ടം ഗവൺമെന്റ് കോളേജിൽ ഒൻപത് ലാബ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുകയും കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് മുഖേന നിയമിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ലാബ് അസിസ്റ്റന്റിന്റെ തസ്തിക സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം കോളേജുകളാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) | ലാബ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. എന്നാൽ കട്ടപ്പന ഗവൺമെന്റ് കോളേജ്, കണ്ണൂർ കെ.എം.എം.ഗവൺമെന്റ് വനിതാ കോളേജ്, ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ് എന്നിവിടങ്ങളിലെ ലാബുകളിൽ അറ്റൻഡർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിരുന്നു. |
| (സി) | ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ കെമിസ്ട്രി ലാബ് അസിസ്റ്റന്റ് തസ്തിക എന്നത്തേക്ക് സൃഷ്ടിക്കാനാകുമെന്ന് അറിയിക്കുമോ ? | (സി) | കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ഇത് സംബന്ധിച്ച് വിശദമായ പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക്, വിശദമായി പരിശോധിച്ചതിനു ശേഷം മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ